**പതിനാലാം കേരളനിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3195 — 10/12/2018 ലെ മറുപടി

**വെള്ളിനേഴി സർക്കാർ ഹൈസ്കൂളിൽ കഥകളി പഠനത്തിനുള്ള അനുമതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ. ശശി | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഷൊർണ്ണൂർ മണ്ഡലത്തിലുൾപ്പെടുന്ന വെള്ളിനേഴി സർക്കാർ ഹൈസ്കൂളിൽ കേരള കലാമണ്ഡലത്തിന്റെ സഹകരണത്തോടെ കഥകളി പഠനത്തിനുള്ള അനുമതി നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;<br>(ബി) ഇതിനകം അനുമതി നൽകിയിട്ടില്ലെങ്കിൽ വെള്ളിനേഴിയുടെ കലാപാരമ്പര്യം കൂടി കണക്കിലെടുത്ത് ഉടൻതന്നെ അനുമതി നൽകുവാനും, കഥകളി പഠനം ഉടൻ ആരംഭിക്കുവാനുമുള്ള നടപടികൾ സ്വീകരിക്കുമോ? | (എ)യും (ബി)യും: കേരള കലാമണ്ഡലം കൽപിത സർവ്വകലാശാലയുടെയും സാംസ്കാരിക വകുപ്പിന്റെയും സഹകരണത്തോടു കൂടി വെള്ളിനേഴി സർക്കാർ ഹൈസ്കൂളിൽ കഥകളി പഠനത്തിന് അനുമതിയ്ക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള ശുപാർശ സർക്കാർ തലത്തിൽ പരിശോധിച്ച വരുന്നു. അതോടൊപ്പം 'സമഗ്ര ശിക്ഷ'യുടെ അഭിമുഖ്യത്തിൽ സർഗ്ഗ വിദ്യാലയമായി ഈ സ്കൂളിനെ ഏറ്റെടുത്തിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ